**Talented Bankers Literary Panel - പുസ്തകപരിചയം 68**

പരിചയപ്പെടുത്തുന്നത് -

ആദർശ് ജി

കേരള ഗ്രാമീൺ ബാങ്ക്

റോഡുവിള ശാഖ

**റൂത്തിന്റെ ലോകം (2019)**

**നോവൽ (ക്രൈം ത്രില്ലർ)**

**ലാജോ ജോസ്**

പ്രിയ എഴുത്തുകാരനായ ലാജോ ജോസിന്റെ മൂന്നാമത്തെ പുസ്തകമായ റൂത്തിന്റെ ലോകം ഇറങ്ങി രണ്ടുദിവസത്തിനുള്ളിൽ വാങ്ങിക്കുവാൻ കഴിഞ്ഞുവെങ്കിലും കുറച്ച് തിരക്കുകൾ മൂലം കഴിഞ്ഞ ദിവസമാണ് വായിക്കാൻ എടുത്തത്. പ്രതീക്ഷിച്ചതു പോലെ തന്നെ പുസ്തകം വായിക്കാൻ എടുത്ത ശേഷം ഇടയ്ക്ക് നിർത്തുവാൻ തോന്നിയില്ല. ഒറ്റ രാത്രി കൊണ്ട് തന്നെ പുസ്തകം വായിച്ചു തീർത്തു. 220 ഓളം പേജുകൾ ഉള്ള മികച്ച ഒരു ക്രൈം ത്രില്ലറാണ് റൂത്തിന്റെ ലോകം. കഴിഞ്ഞ നോവലായ ഹൈഡ്രാഞ്ചിയിൽ ഉപയോഗിച്ചതിൽ നിന്നും വ്യത്യസ്തമായ രചനാ ശൈലിയാണ് റൂത്തിന്റെ ലോകത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

ഹൈഡ്രാഞ്ചിയിൽ അവസാനനിമിഷം വരെ ഒരു സസ്പെൻസ് നിലനിർത്തുന്ന രീതിയിൽ കുറ്റവാളിയെ അവസാനനിമിഷം മാത്രം വെളിവാക്കുന്ന രീതിയാണ് ഉപയോഗിച്ചിരുന്നതെങ്കിൽ, റൂത്തിന്റെ ലോകത്തിൽ പക്ഷേ വായനയുടെ ഒരു മുക്കാൽ ഭാഗത്തോളം എത്തുമ്പോഴേക്കും കുറ്റവാളിയെ മനസ്സിലാവുന്നുണ്ട്. പക്ഷേ ആ മനസ്സിലാക്കൽ ഒരിക്കലും നോവലിന്റെ വായനാസുഖം നഷ്ടമാകാത്ത

രീതിയിൽ ലാജോ ജോസ് അവതരിപ്പിച്ചിട്ടുണ്ട്. കോട്ടയം പുഷ്പനാഥും ബാറ്റൺ ബോസിനും ശേഷം മലയാളികൾക്ക് അഭിമാനത്തോടെ പറയാൻ പറ്റുന്ന ഒരു പേരായി ലാജോ ജോസ് മാറിയിരിക്കുന്നു.

മലയാളത്തിൽ ഇന്നുവരെ കാണാത്ത ഒരു ശൈലിയാണ് റൂത്തിന്റെ ലോകത്തിൽ കഥ പറയാൻ എഴുത്തുകാരൻ ഉപയോഗിച്ചിരിക്കുന്നത് . നോവലിൽ പ്രധാന കഥാപാത്രങ്ങളായ റൂത്ത് റൊണാൾഡ്, റൊണാൾഡ് തോമസ് എന്നീ രണ്ടു കഥാപാത്രങ്ങളുടെ മാനസിക ചിന്തകളിലൂടെയും പ്രവർത്തികളിലൂടെയുമാണ് നോവലിസ്റ്റ് ഓരോ ഭാഗവും മുന്നോട്ടു കൊണ്ട് പോകുന്നത്. ഈ രണ്ടു പേരുടെ തലക്കെട്ടുകളിലൂടെ നോവലിന്റെ ഓരോ ഭാഗങ്ങൾ കടന്നു പോകുന്നത്. നോവലിൽ അവസാനഭാഗത്ത് വായനക്കാരന് മികച്ച സസ്പെൻസ് ഒരുക്കിക്കൊണ്ട് പുതിയൊരു തലക്കെട്ടിലൂടെ പുതിയ ഒരു കഥാപാത്രം കടന്നു വരുന്നു .

റെട്രോഗ്രേഡ് അംനീഷ്യ ബാധിച്ച റൂത്ത് എന്ന യുവതിയും അവരുടെ ഭർത്താവായ റൊണാൾഡ് തോമസ് എന്ന ഡോക്ടറും അവരുടെ ജോലിക്കാരി അശ്വനി എന്നിവരിലൂടെയുമാണ് കഥ തുടങ്ങുന്നത്.വർഷങ്ങൾക്കു മുമ്പു നടന്ന ഒരു ആക്സിഡന്റ് ആണ് റൂത്തിനെ ഈ അവസ്ഥയിൽ എത്തിച്ചത്. നിമിഷ നേരം കൊണ്ട് ഓർമ്മകൾ മാഞ്ഞുപോകുന്ന റൂത്ത്, ഈ അവസ്ഥ മൂലം അവൾ അനുഭവിക്കുന്ന മാനസികപിരിമുറുക്കം - ലാജോയുടെ വരികളിലൂടെ അതേ തീവ്രതയിൽ വായനക്കാരിൽ എത്തുന്നു .നോവലിന്റെ മുക്കാൽ ഭാഗത്തോളം ബാംഗ്ലൂർ ചുറ്റുപാടുകളിലാണ് കഥ നടക്കുന്നത്. ഇവരുടെ കുടുംബ ജീവിതത്തിലേക്ക് അവിചാരിതമായി കുറച്ച് വ്യക്തികൾ എത്തുന്നതോടെ കൂടിയാണ് നോവൽ അതിന്റെ കുറ്റാന്വേഷണ സ്വഭാവത്തിലേക്ക് പ്രവേശിക്കുന്നത്. റൂത്തിന്റെ മാനസിക ചിന്തകളും യാഥാർഥ്യവും കൂടിക്കലർന്ന പിരിമുറുക്കം നിറഞ്ഞ

അന്തരീക്ഷത്തിലേക്ക് ലാജോ മനോഹരമായി വായനക്കാരെ എത്തിക്കുന്നു. ഈ പിരിമുറുക്കം വായനയുടെ സുഖം വർദ്ധിപ്പിക്കുന്നു.

സാധാരണ സൈക്കോ ത്രില്ലറുകൾ സിനിമ ആയാലും നോവൽ ആയാലും പലപ്പോഴും കണ്ടുവരാറുള്ളത് പ്രേക്ഷകരിലും വായനക്കാരിലും പ്രമേയത്തിന്റെ തീവ്രത എത്തിക്കുവാൻ രചയിതാക്കൾ പരാജയപ്പെടുന്നതാണ്. പക്ഷേ ഈ ഒരു കടമ്പ വളരെ മനോഹരമായി ലാജോ അതിജീവിച്ചിരിക്കുന്നു. പൊതുവെ മനസ്സിലാക്കാൻ പ്രയാസമുള്ള റെട്രോഗ്രേഡ് അംനീഷ്യയെ സാധാരണക്കാരന് മനസ്സിലാക്കാവുന്ന രീതിയിൽ ലളിതമായി തന്നെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു.

പരമ്പരാഗതമായ ക്രൈം ത്രില്ലർ ശൈലികളിൽ നിന്നും നിന്നും വ്യത്യസ്തമായി ഒരു പ്രൊഫഷണൽ രചനാശൈലിയിലുള്ള മികച്ച സൈക്കോ ക്രൈം ത്രില്ലറാണ് റൂത്തിന്റെ ലോകം.

------------------------------------------------------------

ഡിസി ബുക്ക്സ് ആണ് പ്രസാധകർ
വില 240